പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2945

13.03.2018 ൽ മറുപടിയ്ക്ക്

## പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും ആശാ വർക്കർമാരുടെയും വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | | ഡോ. കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും ആശാ വർക്കർമാരുടെയും നിലവിലുള്ള വേതനം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം പ്രതിമാസം 15,000/- രൂപയും ആശാവർക്കർമാരുടേത് 2,000/- രൂപയുമാണ്. ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും ആശാവർക്കർമാർക്ക് ലഭിക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് പാലിയേറ്റീവ് കെയർ നഴ്സുമാർക്കും, ആശാ വർക്കർമാർക്കും കിട്ടിയിരുന്ന വേതനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | പാലിയേറ്റീവ് കെയർ നഴ്സുമാർക്ക്-10,000/- രൂപയും<br>ആശാവർക്കർമാർക്ക്-1000/- രൂപയുമായിരുന്നു. |
| സി) | അവർക്ക് തുടർന്ന് നൽകാൻ ഉദ്ദേശിക്കുന്ന മറ്റാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. ആശാവർക്കർമാർക്ക് 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിമാസ ഓണറേറിയം 2000 രൂപ കൂട്ടിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഇൻസെന്റീവുകളും അവർക്ക് ലഭ്യമാകും. |

സെക്ഷൻ ഓഫീസർ

8